# DELIVERANCE FROM SERPENTINE SPIRITS

സ്വർഗ്ഗീയ പിതാവേ, കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ, കർത്താവായ യേശുക്രിസ്തുവിന്റെ അമൂല്യ രക്തത്തിന്റെ യോഗ്യതയാൽ , എന്റെ വിടുതലനായി അങ്ങയുടെ സിംഹാസനത്തിന്റെ മുൻപിലേക്ക് ഞാനിപ്പോൾ കടന്നുവരുന്നു.

എന്റെ ശരീരത്തിലും ദേഹിയിലും ആത്മാവിലും ഉള്ള, എല്ലാ സർപ്പാത്മാക്കളിൽ നിന്നും, അവയുടെ സ്വാധീനങ്ങളിൽ നിന്നും എന്നെ വിടുവിക്കാൻ, കരുണയായിരിക്കണമേ എന്നു ഞാനിപ്പോൾ പ്രാർത്ഥിക്കുന്നു.

എബ്രായർ 10:19,20 വചനപ്രകാരം, സ്വർഗ്ഗത്തിലെ ദൈവത്തിന്റെ ആലയത്തിലെ അതിവിശുദ്ധ സ്ഥലത്ത് പ്രവേശിക്കാനുള്ള നിയമപരമായ അവകാശം എനിക്കുണ്ട്, കാരണം കർത്താവായ യേശുക്രിസ്തു തന്റെ ശരീരമാകുന്ന വിരിയിലൂടെ അവൻ നമുക്കായി നവീനവും സജീവവുമായ ഒരു പാത തുറന്നുതന്നിരിക്കുന്നു.

ആ അധികാരത്തോടെ, ഇപ്പോൾ ഞാൻ അതിവിശുദ്ധ സ്ഥലത്ത് പ്രവേശിച്ച്, ദൈവത്തിന്റെ നിത്യാത്മാവിലൂടെ യേശുക്രിസ്തുവിന്റെ അമൂല്യ രക്തത്തിലേക്ക് പ്രവേശിക്കുകയും യേശുവിന്റെ രക്തം എന്റെ ആത്മാവിലും ദേഹിയിലും ശരീരത്തിലും യേശുക്രിസ്തുവിന്റെ നാമത്തിൽ Apply ചെയ്യുന്നു. (പുരട്ടുന്നു)

ഞാൻ എന്റെ ആത്മാവിന്റെ എല്ലാ അവയവങ്ങളെയും കർത്താവായ യേശുക്രിസ്തുവിന്റെ അമൂല്യ രക്തത്താൽ കഴുകുന്നു.

ഞാൻ എന്റെ ദേഹിയുടെ ഓരോ അറകളെയും കർത്താവായ യേശുക്രിസ്തുവിന്റെ അമൂല്യ രക്തത്താൽ കഴുകുന്നു.

ഞാൻ എന്റെ ശരീരത്തിലെ എല്ലാ അവയവങ്ങളെയും കർത്താവായ യേശുക്രിസ്തുവിന്റെ അമൂല്യ രക്തത്താൽ കഴുകുന്നു.

ഞാൻ കർത്താവായ യേശുക്രിസ്തുവിന്റെ രക്തം എന്റെ കുടുംബാംഗങ്ങൾക്കും എന്റെ വീടിനും എന്റെ കുട്ടികൾക്കും എന്റെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഞാനിപ്പോൾ യേശുക്രിസ്തുവിന്റെ നാമത്തിൽ തളിക്കുന്നു.

സക്കറിയ 2:5 വചനം അനുസരിച്ച്, ഞാൻ എന്റെ ശരീരത്തിനും, ദേഹിക്കും, ആത്മാവിനും, ചുറ്റിനും എന്റെ കുടുംബത്തിനു ചുറ്റിനും പരിശുദ്ധാത്മാവിന്റെ അഗ്നി മതിൽ സൃഷ്ടിക്കുന്നു, കൂടാതെ എന്റെ ജീവിതത്തിന്റെ എല്ലാ മേഖലകളും ഇപ്പോൾ യേശുവിന്റെ നാമത്തിൽ പരിശുദ്ധാത്മാവിന്റെ അഗ്നി മതിൽ സൃഷ്ടിക്കുന്നു.

## Armor of God

എഫെസ്യർ 6:10-17 വചനപ്രകാരം , ദൈവകൃപയാൽ പരിശുദ്ധാത്മാവ് എനിക്ക് നൽകിയ ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ഞാൻ ധരിക്കുന്നു.

ഞാൻ  സത്യം എന്ന ബെൽറ്റ് അരയിൽ ചുറ്റുന്നു.

ഞാൻ നീതി എന്ന കവചം ധരിക്കുന്നു.

ഞാൻ യുദ്ധത്തിനായി എന്റെ കാലിൽ സ്വർഗ്ഗീയ ഷൂ ധരിക്കുന്നു.

പിശാചിന്റെ എല്ലാ തീയമ്പുകളേയും കെടുക്കുവാൻ തക്കതായ വിശ്വാസം എന്ന കവചം ഞാനിപ്പോൾ എടുക്കുന്നു.

ഞാൻ രക്ഷ എന്ന ഹെൽമെറ്റ് ധരിക്കുന്നു

ഞാനിപ്പോൾ എന്റെ ജീവിതത്തെ ബാധിച്ചിരിക്കുന്ന എല്ലാ സർപ്പാത്മാവിനെയും നശിപ്പിക്കാൻ ദൈവവചനമായ ആത്മാവിന്റെ വാൾ ഇപ്പോൾ എടുക്കുന്നു.

## Repentance – Part 1

സ്വർഗ്ഗീയ പിതാവേ,

Leviathan (ലിവിയതൻ), Python (പെരുമ്പാമ്പ്), Cobra (മൂർഖൻ), Viper, അനാക്കോണ്ട, Ancient serpents (പുരാതന സർപ്പങ്ങൾ) തുടങ്ങി മറ്റെല്ലാ സർപ്പാത്മാക്കൾക്കും എന്നെ

ബാധിക്കാനോ എന്റെ ജീവിതം നശിപ്പിക്കാനോ നിയമപരമായ അവകാശം നൽകിയ എന്റെ ജീവിതത്തിൽ സംഭവിച്ച അഹങ്കാര ചിന്തകൾ, വാക്കുകൾ, പ്രവൃത്തികൾ, ഞാൻ എന്ന ഭാവം(pridefull thoughts), എന്നിവയിൽ ഞാൻ ഇപ്പോൾ പശ്ചാത്തപിക്കുന്നു.

പിതാവായ ദൈവമേ, യേശുക്രിസ്തുവിന്റെ വിലയേറിയ രക്തത്തിലൂടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഈ പാപങ്ങളിൽ നിന്നും മുഴുവനായും പൂർണ്ണമായും എന്നോട് ക്ഷമിച്ചതിന് നന്ദി.

NMG
NAZARETH MINISTRIES GLOBAL

കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഈ ആത്മാക്കളുമായി ഞാൻ അറിഞ്ഞോ അറിയാതെയോ ഉണ്ടാക്കിയ എല്ലാ ഉടമ്പടികളും ഞാനിപ്പോൾ നിർവീര്യമാക്കി നശിപ്പിക്കുന്നു.

**Repentance – Part 2**

സ്വർഗ്ഗീയ പിതാവേ, ഞാനിതുവരെ അനുതപിച്ചിട്ടില്ലാത്ത എന്റെ എല്ലാ പാപങ്ങൾ മുഖേനയും, മറ്റുള്ളവരോട് ക്ഷമിക്കാൻ കഴിയാതിരിക്കുന്ന എന്നിലുള്ള സ്വഭാവം മുഖേനയും,എന്റെ ശാഠ്യമുള്ള ഹൃദയം മുഖേനയും(stubborn heart ) Leviathan (ലിവിയതൻ), Python (പെരുമ്പാമ്പ്), Cobra (മൂർഖൻ), Viper, അനാക്കോണ്ട, Ancient serpents (പുരാതന സർപ്പങ്ങൾ) തുടങ്ങി മറ്റെല്ലാ സർപ്പാത്മാക്കൾക്കും എന്നെ ബാധിക്കുവാൻ, എന്റെ ജീവിതം നശിപ്പിക്കുവാൻ ലഭിച്ച നിയമപരമായ

അവകാശത്തെ ഇല്ലാതാക്കണമേ എന്ന് ഞാനിപ്പോൾ പ്രാർത്ഥിക്കുന്നു.

പിതാവായ ദൈവമേ, യേശുക്രിസ്തുവിന്റെ വിലയേറിയ രക്തത്താൽ എന്നോടു മുഴുവനായും പൂർണ്ണമായും ക്ഷമിച്ചതിനും ദൈവത്തിന്റെ പരിശുദ്ധാത്മാവിലൂടെ എന്നിൽ ഒരു പുതിയ ഹൃദയം സൃഷ്ടിച്ചതിനും നന്ദി പറയുന്നു.

യേശുക്രിസ്തുവിന്റെ നാമത്തിലും യേശുക്രിസ്തുവിന്റെ രക്തത്താലും ഈ ആത്മാക്കളുമായി ഞാൻ അറിഞ്ഞോ അറിയാതെയോ ഉണ്ടാക്കിയ എല്ലാ ഉടമ്പടികളും ഞാൻ തിരസ്കരിക്കുന്നു, തള്ളിക്കളയുന്നു, നിർവീര്യമാക്കുന്നു.

**Repentance – Part 3**

സ്വർഗ്ഗീയ പിതാവേ, എന്നിലുള്ള പലതരത്തിലുള്ള ഭയങ്ങൾ മുഖാന്തരം ലിവിയതൻ, പെരുമ്പാമ്പ് , മൂർഖൻ, അണലി, അനാക്കോണ്ട, പ്രാചീന സർപ്പങ്ങൾ തുടങ്ങി മറ്റെല്ലാ സർപ്പാത്മാക്കൾക്കും എന്നെ ബാധിക്കാനോ എന്റെ ജീവിതം നശിപ്പിക്കാനോ ഞാൻ നൽകിയിരിക്കുന്ന നിയമപരമായ അവകാശങ്ങളിൽ നിന്നും എന്നെ വിടുവിക്കാൻ എന്നോട് കരുണ കാണിക്കണമേ എന്നു ഞാനിപ്പോൾ പ്രാർത്ഥിക്കുന്നു.

എന്റെ ജീവിതത്തിൽ നിന്ന് ഭയത്തിന്റെ എല്ലാ ചങ്ങലകളും തകർക്കുകയും ദൈവത്തിന്റെ പരിശുദ്ധാത്മാവിലൂടെ എന്നിൽ ശക്തമായ വിശ്വാസം സൃഷ്ടിക്കുകയും ചെയ്യണമെന്ന് ഞാനിപ്പോൾ പ്രാർത്ഥിക്കുന്നു

യേശുക്രിസ്തുവിന്റെ നാമത്തിലും യേശുക്രിസ്തുവിന്റെ രക്തത്തിലൂടെയും ഈ ആത്മാക്കളുമായി ഞാൻ അറിഞ്ഞോ അറിയാതെയോ ഉണ്ടാക്കിയ എല്ലാ ഉടമ്പടികളും ഞാൻ തിരസ്കരിക്കുന്നു, തള്ളിക്കളയുന്നു, നിർവീര്യമാക്കുന്നു.

**Repentance – Part 4**

പിതാവായ ദൈവമേ, എന്റെ വാ ഉപയോഗിച്ച് അങ്ങേക്കെതിരായി ഞാൻ ചെയ്തിരിക്കുന്ന എല്ലാ പാപങ്ങളെയും ഓർത്ത് ഞാനിപ്പോൾ അനുതപിക്കുന്നു.

എന്റെ വാക്കുകൾ മറ്റുള്ളവരുടെ ജീവിതത്തിൽ ഭിന്നിപ്പിനും നാശത്തിനും കാരണമായെന്ന് ഞാൻ

മനസ്സിലാക്കുന്നു. ഈ പാപങ്ങൾ ഓർത്തു ഞാൻ ഇപ്പോൾ പശ്ചാത്തപിക്കുന്നു. Leviathan (ലിവിയതൻ), Python (പെരുമ്പാമ്പ്), Cobra (മൂർഖൻ), Viper, അനാക്കോണ്ട, Ancient serpents (പുരാതന സർപ്പങ്ങൾ) തുടങ്ങി മറ്റെല്ലാ സർപ്പാത്മാക്കൾക്കും എന്നെ ബാധിക്കുവാൻ (സ്വാധീനിക്കുവാനോ) ഈ പാപങ്ങളിലൂടെ എന്റെ ജീവിതം നശിപ്പിക്കാനോ ഞാൻ ഉണ്ടാക്കിയ എല്ലാ നിയമപരമായ അവകാശങ്ങളിൽ നിന്നും എന്നെ വിടുവിക്കേണമേ.

യേശുക്രിസ്തുവിന്റെ നാമത്തിലും യേശുക്രിസ്തുവിന്റെ രക്തത്തിലൂടെയും ഈ ആത്മാക്കളുമായി ഞാൻ അറിഞ്ഞോ അറിയാതെയോ ഉണ്ടാക്കിയ എല്ലാ ഉടമ്പടികളും ഞാൻ തിരസ്കരിക്കുന്നു, തള്ളിക്കളയുന്നു, നിർവീര്യമാക്കുന്നു.

**Repentance – Part 5**

പിതാവാം ദൈവമേ,എന്റെ മറുതലിക്കുന്ന സ്വഭാവത്തെ ഓർത്തു ഞാൻ ഇപ്പോൾ അനുതപിക്കുന്നു. അങ്ങ് എന്റെമേൽ അധികാരപ്പെടുത്തിയിരിക്കുന്ന ആൾക്കാരുടെ മുമ്പിൽ കീഴ്പ്പെടാതെ ഇരുന്നതിനെ എന്നോട് ക്ഷമിക്കണമേ.

Leviathan (ലിവിയതൻ), Python (പെരുമ്പാമ്പ്), Cobra (മൂർഖൻ), Viper, അനാക്കോണ്ട, Ancient serpents (പുരാതന സർപ്പങ്ങൾ) തുടങ്ങി മറ്റെല്ലാ സർപ്പാത്മാക്കൾക്കും എന്നെ ബാധിക്കുവാൻ എന്റെ മറുതലിക്കുന്ന സ്വഭാവത്തിലൂടെ എന്റെ ജീവിതം നശിപ്പിക്കുന്നതിനോ ഞാൻ ഉണ്ടാക്കിയ എല്ലാ നിയമപരമായ അവകാശങ്ങളിൽ നിന്നും എന്നെ വിടുവിക്കേണമേ.

യേശുക്രിസ്തുവിന്റെ നാമത്തിലും യേശുക്രിസ്തുവിന്റെ രക്തത്തിലൂടെയും ഈ ആത്മാക്കളുമായി ഞാൻ അറിഞ്ഞോ അറിയാതെയോ ഉണ്ടാക്കിയ എല്ലാ

ഉടമ്പടികളും ഞാൻ തിരസ്കരിക്കുന്നു, തള്ളിക്കളയുന്നു, നിർവീര്യമാക്കുന്നു.

**Repentance 6**

പിതാവാം ദൈവമേ, കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ എന്റെ ജീവിതത്തിൽ നിന്ന് ലെവിയാത്തൻ, പെരുമ്പാമ്പ്, മൂർഖൻ, അണലി, അനാക്കോണ്ട, പുരാതന സർപ്പങ്ങൾ, മറ്റെല്ലാ സർപ്പാത്മാക്കളുടെയും എല്ലാത്തരം വഞ്ചനകളും നുണകളും കൃത്രിമ സ്വഭാവങ്ങളും ഞാൻ ഇപ്പോൾ നിരസിക്കുന്നു.(reject ചെയ്യുന്നു)

കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഏതെങ്കിലും തെറ്റായ ഉപദേശങ്ങൾ വിശ്വസിച്ച്, ഏതെങ്കിലും തരത്തിലുള്ള നുണകളോടും വഞ്ചനകളോടും യോജിച്ചുകൊണ്ട് ഈ ആത്മാക്കളുമായി ഞാൻ അറിഞ്ഞോ അറിയാതെയോ ഉണ്ടാക്കിയ എല്ലാ ഉടമ്പടികളും ഞാൻ റദ്ദാക്കുകയും അസാധുവാക്കുകയും ചെയ്യുന്നു.

## Repentance – Part 7

പിതാവായ ദൈവമേ, മറ്റുള്ളവരെ പീഡിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന എന്നിലുള്ള സ്വഭാവത്തെ എന്നോട് ക്ഷമിക്കണമേ. മറ്റുള്ളവരെ പീഡിപ്പിക്കാനോ നിയന്ത്രിക്കാനോ ശ്രമിച്ച ഓരോ ചിന്തകൾക്കും വാക്കുകൾക്കും പ്രവൃത്തികൾക്കും ഞാൻ ഇപ്പോൾ ക്ഷമ ചോദിക്കുന്നു. ഈ പാപത്തെ ഓർത്ത് ഞാൻ ഇപ്പോൾ പശ്ചാത്തപിക്കുന്നു. Leviathan (ലിവിയതൻ), Python (പെരുമ്പാമ്പ്), Cobra (മൂർഖൻ), Viper, അനാക്കോണ്ട, Ancient serpents (പുരാതന സർപ്പങ്ങൾ) തുടങ്ങി മറ്റെല്ലാ സർപ്പാത്മാക്കൾക്കും എന്നെ ബാധിക്കുവാൻ ഈ പാപത്തിലൂടെ എന്റെ ജീവിതം നശിപ്പിക്കാനോ ഞാൻ ഉണ്ടാക്കിയ എല്ലാ നിയമപരമായ അവകാശങ്ങളിൽ നിന്നും എന്നെ വിടുവിക്കേണമേ.

യേശുക്രിസ്തുവിന്റെ നാമത്തിലും യേശുക്രിസ്തുവിന്റെ രക്തത്തിലൂടെയും ഈ ആത്മാക്കളുമായി ഞാൻ അറിഞ്ഞോ അറിയാതെയോ ഉണ്ടാക്കിയ എല്ലാ ഉടമ്പടികളും ഞാൻ റദ്ദാക്കുകയും അസാധുവാക്കുകയും ചെയ്യുന്നു.

**Rebuking Part**

കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ എന്നെയും എന്റെ കുടുംബത്തെയും വിട്ടുപോകാൻ ഞാൻ ലിവിയാത്തന്റെ ആത്മാവിനോട് കൽപ്പിക്കുന്നു.

കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ എന്നെയും എന്റെ കുടുംബത്തെയും വിട്ടുപോകാൻ ഞാൻ പൈത്തണിന്റെ ആത്മാവിനോട് കൽപ്പിക്കുന്നു.

കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ എന്നെയും എന്റെ കുടുംബത്തെയും വിട്ടുപോകാൻ ഞാൻ കോബ്രയുടെ ആത്മാവിനോട് കൽപ്പിക്കുന്നു.

കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ എന്നെയും എന്റെ കുടുംബത്തെയും വിട്ടുപോകാൻ ഞാൻ വൈപ്പറിന്റെ ആത്മാവിനോട് കൽപ്പിക്കുന്നു.

കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ എന്നെയും എന്റെ കുടുംബത്തെയും വിട്ടുപോകാൻ

ഞാൻ അനക്കോണ്ടയുടെ ആത്മാവിനോട് കൽപ്പിക്കുന്നു.

കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ എന്നെയും എന്റെ കുടുംബത്തെയും വിട്ടുപോകാൻ പുരാതന സർപ്പത്തിന്റെ ആത്മാവിനോട് ഞാൻ കൽപ്പിക്കുന്നു.

കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ എന്നെയും എന്റെ കുടുംബത്തെയും വിട്ടുപോകാൻ എല്ലാ സർപ്പാത്മാക്കളോടും ഞാൻ കൽപ്പിക്കുന്നു.

യേശുക്രിസ്തുവിന്റെ നാമത്തിൽ എന്റെ ജീവിതത്തിൽ നിന്നുള്ള സർപ്പാത്മാക്കളുടെ എല്ലാ പ്രവർത്തനങ്ങളെയും ഞാൻ നിരസിക്കുകയും ശാസിക്കുകയും ചെയ്യുന്നു.

കർത്താവേ അങ്ങയുടെ മഹത്വത്തിനായി എന്നെ ഇപ്പോൾ വിടുവിച്ചതിനായി ഞാൻ നന്ദി പറയുന്നു.

**Amen**

**Thank You Jesus**